**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 141** **05-12-2022 - ൽ മറുപടിയ്ക്ക്**

**പാനൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാനൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന്റെ മണ്ണ് പരിശോധനയിൽ കെട്ടിട നിർമ്മാണത്തിന് പൈലിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൈൽ ഫൗണ്ടേഷൻ ആവശ്യമാണെന്ന് കണ്ടെത്തുകയും ആയതുപ്രകാരം ഉള്ള Tentative Design Drawing കോഴിക്കോട് റീജിയണൽ ഡിസൈൻ വിംഗ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പൈലിംഗ് ഉൾപ്പെടെയുള്ള നിർമ്മാണത്തിന് നിലവിൽ അനുവദിച്ച ഫണ്ട് പര്യാപ്തമാണോ; അല്ലെങ്കിൽ ആവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (ബി) | പര്യാപ്തമല്ല. Tentative Design Drawing പ്രകാരം ഉള്ള പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അധിക തുക ആവശ്യമാണ്. എന്നാൽ ടി സ്ഥലത്ത് ഒരിക്കൽ കൂടി മണ്ണുപരിശോധന നടത്തി ചെലവ് കുറഞ്ഞ തരത്തിൽ ഫൗണ്ടേഷൻ നിർമ്മിക്കുവാൻ സാധ്യമാണോ എന്ന് പരിശോധിക്കുന്നതിനായി കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുമായി കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ടിട്ടുണ്ട്. അതനുസരിച്ചുള്ള Soil Investigation റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് ഫൗണ്ടേഷൻ Cost Optimise ചെയ്ത് പ്രവൃത്തി നടത്തുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |
| (സി) | അധിക തുക അനുവദിക്കുന്നില്ലെങ്കിൽ നിലവിലുള്ള ഫണ്ട് ഉപയോഗിച്ച് ഇരുനിലക്കെട്ടിടം നിർമ്മിച്ച് ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ? | (സി) | പിരിവ് (ബി) യിൽ ചേർത്തിരിക്കുന്ന പ്രകാരം |

സെക്ഷൻ ഓഫീസർ